(ബി) ഇവർ സെക്കൻസ് വിൽക്കുന്നില്ലായെന്ന് ഉറപ്പാക്കാൻ എന്തു നടപടികൾ സ്വീകരിച്ചു ;

(സി) ഇപ്പോഴുളള റീട്ടെയിൽ വിൽപ്പന ശാഖയിലൂടെ സെക്കൻസ് വിററതായി കണ്ടുപിടിച്ചിട്ടുണ്ടോ ;

(ഡി) ഈ സെക്കൻസ് വിൽപ്പനയ്ക്ക് കളളബിൽ ഉപയോഗിച്ചിട്ടുണ്ടോ ; ഇൻഡ്യയിൽ നിർമ്മിച്ച വിദേശ മദ്യത്തിന് പകരം സെക്കൻസ് വിൽക്കുന്നതും ഇതിന് കളള ബിൽ ഉപയോഗിക്കുന്നതും കുററകൃത്യമാണോ ;

(ഇ) ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിൽ സെക്കൻസ് വിററതായി പരാതി ഉണ്ടായിട്ടുണ്ടോ ;

(എഫ്) ഇതിനുവേണ്ടി കളളബിൽ ഉപയോഗിച്ചുവെങ്കിൽ ഈ കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ജി) കളളബിൽ നൽകിയവർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(എച്ച്) ഇവരെ സർവ്വീസിൽ നിന്ന് മാററി നിറുത്തുമോ ;

(ഐ) ഇവർക്കെതിരെ ക്രിമിനൽ കേസ് എടുക്കുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിലുളള 300 വിദേശ മദ്യവിൽപ്പനശാലകളിലൂടെയും, ബാർ ഹോട്ടലുകളിലൂടെയും വിദേശമദ്യത്തിന്റെ ചില്ലറ വിൽപ്പന നടത്തുന്നുണ്ട്. ചില്ലറ വിൽപ്പന ശാലകൾക്കും ബാർ ഹോട്ടലുകൾക്കും ആവശ്യമായ മദ്യം കേരള സ്റേററ് ബിവറേജസ് കോർപ്പറേഷനാണ് വിതരണം നടത്തുന്നത്.

(ബി) ചില്ലറ വിൽപ്പന ശാലകളിലും ബാർഹോട്ടലുകളിലും പരിശോധനകൾ നടത്തി സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് അയയ്ക്കുകയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി ആന്റ് ഡി) ഇല്ല. റീട്ടെയിൽ വിൽപ്പന ശാലകളിലൂടെ സെക്കൻസ് വിൽക്കുന്നതോ സെക്കൻസ് വിൽക്കാൻ കളളബിൽ ഉപയോഗിക്കുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിദേശമദ്യത്തിനുപകരം സെക്കൻസ് വിൽക്കുന്നതും കളളബിൽ ഉപയോഗിക്കുന്നതും കുററകരമാണ്.

(ഇ) പരാതിയുണ്ടായിട്ടുണ്ട്. പരാതി കൈപ്പററി കഴിഞ്ഞിട്ടും സെക്കൻസ് വിററതായി കണ്ടുപിടിച്ചിട്ടില്ല.

(എഫ്) കളളബിൽ ഉപയോഗിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി-ഐ) ചോദ്യം ഉദിക്കുന്നില്ല.

ചാരായ തൊഴിലാളികളുടെ പുനരധിവാസം

31. [1089] ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാരായം നിരോധിച്ചതോടെ തൊഴിൽ നഷ്ടമായ ചാരായ വ്യവസായ തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇൻഡ്യൻ നിർമ്മിത വിദേശ മദ്യവിൽപ്പന ശാലയിൽ ചാരായ തൊഴിലാളികൾക്ക് തൊഴിൽ നൽകാൻ നടപടി സ്വീകരിക്കുമോ ;

(സി) ടൂറിസം മേഖലയിൽ ബിയർ പാർലറുകൾ ആരംഭിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(ഡി) വിദേശമദ്യ വിൽപ്പന വഴി പ്രതിദിനം സർക്കാരിന് ലഭിക്കുന്ന വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ ?

## ഉത്തരം

(എ) ചാരായനിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ടവരും അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായി രജിസ്റ്റർ ചെയ്തിട്ടുള്ളവരുമായ ചാരായ തൊഴിലാളികൾക്ക് 2,000 രൂപ വീതം സർക്കാർ ധനസഹായവും 3,000 രൂപ വീതം കോംമ്പൻസേഷനായും വിതരണം ചെയ്തിട്ടുണ്ട്. ഇവരെ പുനരധിവസിപ്പിക്കുവാനുള്ള നിർദ്ദേശങ്ങൾ ഒന്നും ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ബി) ഇല്ല.

(സി) ടൂറിസം മേഖലയിൽ ബിയർ പാർലറുകൾ ആരംഭിക്കുവാൻ നിലവിലുള്ള വ്യവസ്ഥകൾക്കനുസൃതമായി നടപടി സ്വീകരിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.

(ഡി) ഏകദേശം 4 കോടി രൂപ പ്രതിദിനം ലഭിക്കുന്നുണ്ട്.

## കല്ലുവാതുക്കൽ മദ്യദുരന്തം സംബന്ധിച്ച അന്വേഷണം

32. [1090] ശ്രീ. എം. മുരളി :
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ :
,, എ. കെ. മണി :
,, ടി. എൻ. പ്രതാപൻ :
,, എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലുവാതുക്കൽ, പള്ളിക്കൽ മദ്യവിപത്തുകൾ ഉണ്ടായതിനെ തുടർന്ന് വ്യാജമദ്യം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് അന്നത്തെ ഗവൺമെന്റ് എന്തെല്ലാം നടപടി സ്വീകരിച്ചു ;

(ബി) സംസ്ഥാനത്തെ വ്യാജമദ്യവും മദ്യദുരന്തവും സംബന്ധിച്ച് അന്വേഷണം നടത്തുവാൻ ഒരു പ്രത്യേക അന്വേഷണ വിഭാഗത്തെ നിയമിച്ചിരുന്നുവോ ;

(സി) ഇതു സംബന്ധിച്ച് നടത്തിയ അന്വേഷണ വിവരങ്ങൾ മേശപ്പുറത്ത് വയ്ക്കുമോ ;

(ഡി) മദ്യദുരന്തത്തെ സംബന്ധിച്ച അന്വേഷണം ഇപ്പോൾ എവിടെ വരെയായി ; ഈ അന്വേഷണം പൂർത്തിയാക്കാൻ നിർദ്ദേശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly